നാഥാ! നീയെനിക്കഭയമീയുലകില്
നീയെന്റെ ജീവന്നാധാരം
നീ മതി എനിക്ക് നിന് കൃപ മതിയെ
നിന്നിലെന് അടിസ്ഥാനം -2

ഹാ! രുചിച്ചറിയുക നീ മനമേ നിന് പരനെ
പ്രാണപ്രിയന്റെ സ്നേഹത്തെ
കരുണയുള്ളോനവനെന്നും തന് കരത്താല്
കണ്ണുനീരെല്ലാം തുടയ്ക്കും

പാപ ശാപങ്ങളഖിലവും പോക്കാന്
പാപിയെന്നെ വീണ്ടെടുപ്പാന്
അബ്ബാ പിതാവേ! എന്നു വിളിക്കുവാന്
പുത്രത്വം നല്കിയ സ്നേഹം..... -2 ഹാ! രുചി...1

നിത്യ സ്നേഹത്താലെന്നെ താന് സ്നേഹിച്ചു
നിത്യജീവന് നല്കിടുവാനായ്
എന്നോടുള്ള തന്റെ ദയ വലുതല്ലോ
എന് പ്രാണനെ രക്ഷിച്ചു സ്തോത്രം.... -2 ഹാ! രുചി...1

ആത്മ സ്നേഹിതരെന്നെ തള്ളുകിലും
അപവാദം ചൊല്ലിയെന്നാലും
തള്ളുകയില്ലിനി ഉള്ളം അറിയുന്നോന്
ഉള്ളംകൈയില് വരച്ച നാഥന് -2 ഹാ! രുചി...2

Naathaa ! Neeyenikkabhayameeyulakil
neeyente jeevannaadhaaram
nee mathi enikku nin krupa mathiye
ninnilen atisthaanam

haa! Ruchicchariyuka nee maname nin parane
praanapriyante snehatthe
karunayullonavanennum than karatthaal
kannuneerellaam thutaykkum

paapa shaapangalakhilavum pokkaan
paapiyenne veendetuppaan
abbaa pithaave! Ennu vilikkuvaan
puthrathvam nalkiya sneham.....
haa! Ruchi...1

nithya snehatthaalenne thaan snehicchu
nithyajeevan nalkituvaanaayu
ennotulla thante daya valuthallo
en praanane rakshicchu sthothram....
haa! Ruchi...1

aathma snehitharenne thallukilum
apavaadam cholliyennaalum
thallukayillini ullam ariyunnon
ullamkyyil varaccha naathan
haa! Ruchi...2